**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2190. 07.12.2015 ൽ മറുപടിയ്ക്ക്.**

**ഓട്ടോറിക്ഷകളിൽ മീറ്റർ**

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ടാക്സി സവാരി നടത്തുന്ന ഓട്ടോറിക്ഷകളിൽ ഏതെങ്കിലും വിഭാഗത്തിനെ മീറ്റർ ഘടിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | ഭൂരിപക്ഷം ഓട്ടോറിക്ഷകളിലും മീറ്റർ പ്രവർത്തിക്കാറില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | വാഹന പരിശോധനാ സമയത്ത്, ചില ഓട്ടോറിക്ഷകളിൽ മീറ്റർ പ്രവർത്തി-ക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വസ്തുത പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (സി) | ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും, ഓട്ടോറിക്ഷാ സ്റ്റാൻഡുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ-യുള്ള എല്ലാ സർവ്വീസുകളും ചെയ്തു കൊടുക്കുന്നത് ലീഗൽ മെട്രോളജി വകുപ്പ് സീൽ ചെയ്ത മീറ്റർ ഘടിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തിയതിന് ശേഷം മാത്രമാണ്. കൂടാതെ വാഹന പരിശോധനാ സമയത്ത് മീറ്റർ പരിശോധന |

<table>
<tr><td></td><td></td><td></td><td>കർശനമാക്കിയിട്ടുണ്ട്.എൻഫോഴ്സ്മെന്റ് പരിശോധനയിലും ഫെയർ മീറ്ററിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>മീറ്ററുകൾ പ്രവർത്തിപ്പിക്കാതെ ഓടിക്കുന്ന എത്ര ഓട്ടോറിക്ഷകൾക്കെതിരെ കഴിഞ്ഞ വർഷം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?</td><td>(ഡി)</td><td>
<table>
<tr><td>തിരുവനന്തപുരം</td><td>71</td></tr>
<tr><td>കൊല്ലം</td><td>261</td></tr>
<tr><td>ആലപ്പുഴ</td><td>115</td></tr>
<tr><td>പത്തനംതിട്ട</td><td>51</td></tr>
<tr><td>കോട്ടയം</td><td>77</td></tr>
<tr><td>തൃശ്ശൂർ</td><td>156</td></tr>
<tr><td>മലപ്പുറം</td><td>120</td></tr>
<tr><td>കോഴിക്കോട്</td><td>32</td></tr>
<tr><td>കണ്ണൂർ</td><td>344</td></tr>
<tr><td>പാലക്കാട്</td><td>110</td></tr>
<tr><td>കാസർഗോഡ്</td><td>56</td></tr>
<tr><td>വയനാട്</td><td>116</td></tr>
<tr><td>എറണാകുളം</td><td>307</td></tr>
<tr><td>ഇടുക്കി</td><td>28</td></tr>
<tr><td>ആകെ</td><td>1844</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ.